**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2566** **23-02-2026 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി മണ്ഡലത്തിലെ പുളിക്കൽ കേന്ദ്രമായുള്ള സബ് സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടി മണ്ഡലത്തിലെ പുളിക്കൽ കേന്ദ്രമായി 110 കെ. വി. സബ്സ്റ്റേഷൻ പണിയുവാൻ അനുമതി ലഭ്യമായിട്ടുണ്ടോ; | (എ) | 2023 ജനുവരിയിൽ അനുമതി നൽകിയിരുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി കാലാവധി അവസാനിക്കുന്നത് എപ്പോഴാണെന്ന് അറിയിക്കാമോ; | (ബി) | 2025 ജനുവരിയിൽ കാലാവധി അവസാനിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തിക്കായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ സ്ഥലമേറ്റെടുക്കൽ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (സി) | പ്രസ്തുത സബ്സ്റ്റേഷൻ തുടങ്ങുന്നതിന് 2013-ൽ ഭരണാനുമതി ലഭിക്കുകയും ദീർഘനാളത്തെ തിരച്ചിലിനു ശേഷം ഭൂമി കണ്ടെത്തി എങ്കിലും 2018-ലെ വെള്ളപ്പൊക്കത്തിൽ പ്രസ്തുത സ്ഥലത്ത് മണ്ണിടിച്ചിലിന് സാധ്യത ഉണ്ടെന്ന് കണ്ടെത്തിയതിനാൽ പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നത് ഉപേക്ഷിച്ചു. അതിനുശേഷം 2023-ൽ പുതിയ ഭരണാനുമതി നൽകിയിരുന്നു. പുതിയതായി കണ്ടെത്തിയ സ്ഥലത്തിന്റെ വില കണക്കാക്കിയതിൽ തിരഞ്ഞെടുത്ത ഭൂമിയിൽ സബ്സ്റ്റേഷൻ പണിയുവാൻ നിലവിലുള്ള ഭരണാനുമതി അപര്യാപ്തമാണെന്ന് കണ്ടെത്തി. ഈ വിഷയം വിശദമായി പരിശോധിച്ചശേഷം തിരഞ്ഞെടുത്ത ഭൂമിയുടെ അനുയോജ്യത തീരുമാനിക്കുന്നതിന് ഒരു കമ്മിറ്റിയെ 12.08.2025-ലെ കെ.എസ്.ഇ.ബി.എൽ. ബോർഡ് യോഗം തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം വസ്തു ഭാഗികമായി വിട്ടുനൽകാൻ സമ്മതമാണോ എന്ന് ഭൂമിയുടെ കൈവശക്കാരോട് ആരാഞ്ഞിട്ടുണ്ട്. മറുപടിക്കനുസൃതമായി തുടർ നടപടികൾ സ്വീകരിക്കും. സ്ഥലമേറ്റടുപ്പ് തീരുമാനമാകുന്ന മുറയ്ക്ക് പുതുക്കിയ ഭരാണാനുമതി ലഭ്യമാക്കുന്നതാണെന്ന് കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ